(ബി) 60 എണ്ണം. 40 അന്വേഷണ റിപ്പോർട്ടുകൾ ലഭിച്ചതിൽ 16 അന്വേഷണ റിപ്പോർട്ടുകളിന്മേൽ നടപടികൾ ആവശ്യമില്ലെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. എട്ട് അന്വേഷണ റിപ്പോർട്ടുകൾ സർക്കാരിന്റെ പരിശോധനയിലാണ്. ചില കേസുകളിൽ 2 വർഷവും അതിലധികം സമയമെടുത്തുകൊണ്ട് സഹകരണ നിയമം വകുപ്പ് 65, 66 പ്രകാരം അന്വേഷണം/പരിശോധന നടത്തുന്നതിനാൽ സമാന്തര അന്വേഷണം വിജിലൻസ് വിഭാഗം നടത്തേണ്ടതില്ലെന്ന് അഭിപ്രായപ്പെട്ടിട്ടുള്ളതായും സഹകരണ രജിസ്ട്രാറെ അറിയിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) സഹകരണ സംഘം രജിസ്ട്രാർ അന്വേഷണത്തിന് കൈമാറുന്ന പരാതികളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സഹകരണ രജിസ്ട്രാർക്ക് കൈമാറുന്നതിനുള്ള അധികാരം മാത്രമാണ് സഹകരണ വിജിലൻസ് വിഭാഗത്തിന് നൽകിയിട്ടുള്ളത്. നേരിട്ട് അന്വേഷണം നടത്താനുള്ള അധികാരം വിജിലൻസിനില്ല.

(ഡി) 6-11-2013-ൽ ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, എം.എൽ.എ.-യുടെ പരാതി സഹകരണ വിജിലൻസിന് ലഭിച്ചിട്ടുണ്ട്. കൂടാതെ ഇതേ വിഷയത്തിൽ ശ്രീമതി സുപ്രഭ മുതൽ 211 പേരും ചേർന്ന് സമർപ്പിച്ച മറ്റൊരു പരാതി 26-9-2011-ന് സഹകരണ രജിസ്ട്രാർക്കും ലഭിച്ചിരുന്നു. ടി പരാതികളിന്മേൽ സഹകരണ രജിസ്ട്രാർ തുടർ നടപടി സ്വീകരിച്ചു വരുന്നു.

**സംസ്ഥാന സഹകരണ ഡെപ്പോസിറ്റ് ഗ്യാരണ്ടി ഫണ്ട് ബോർഡ്**

85 (2323) ശ്രീ എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ഡെപ്പോസിറ്റ് ഗ്യാരണ്ടി ഫണ്ട് ബോർഡ് എന്നാണ് രൂപീകരിച്ചത്;

(ബി) എന്തെല്ലാം പ്രവർത്തനങ്ങൾ പ്രസ്തുത ബോർഡിൽ നടത്തിവരുന്നു ;

(സി) പ്രസ്തുത ബോർഡിന്റെ പ്രവർത്തന ഫണ്ട് എങ്ങനെയാണ് സ്വരൂപിക്കുന്നത്;

(ഡി) സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുന്നതിനായി നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്;

(ഇ) ബോർഡിന്റെ നിലവിലെ ആസ്തി എത്ര; ഡെപ്പോസിറ്റ് ഗ്യാരണ്ടി ഫണ്ടിൽ നിന്നും ഏതെങ്കിലും സർക്കാർ സ്ഥാപനത്തിന് വായ്പ നൽകിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഏത് സ്ഥാപനത്തിന് ; എത്ര രൂപ നൽകിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) എത്ര കാലത്തേക്കാണ് നൽകിയത്; എത്ര ശതമാനം പലിശയ്ക്ക് ; ആരുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വായ്പ നൽകിയത്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത നടപടി സഹകരണ താൽപര്യത്തിന് വിരുദ്ധമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് കാരണക്കാരായവരെ മാതൃകാപരമായി ശിക്ഷിക്കുമോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2-7-2012-ലെ ജി.ഒ. (പി) 81/2012/സഹ (എസ്.ആർ.ഒ. 492/12) സഹ നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് നിലവിൽ വന്നു.

(ബി) വായ്പ സംഘങ്ങളിലെ നിക്ഷേപകരുടെ നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുന്നതിനും അതുവഴി നിക്ഷേപകർക്ക് സംഘങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുന്നതിനും നിക്ഷേപകരെ കൂടുതൽ ആകർഷിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) സഹകരണ സംഘം രജിസ്ട്രാർ നോട്ടിഫൈ ചെയ്യുന്ന സംഘങ്ങളെ സ്കീമിൽ അംഗങ്ങളായി ചേർക്കുന്നു. ടി സംഘങ്ങളിൽ ടി സ്കീം നിലവിൽവന്ന സാമ്പത്തിക വർഷത്തിന്റെ ആണ്ടവസാനമുള്ള നിക്ഷേപ തുകയുടെ ബാക്കി നിൽപ്പിന് 100 രൂപയ്ക്കും അതിന്റെ ഭാഗങ്ങൾക്കും 10 പൈസ എന്ന നിരക്കിലും തുടർന്ന് നിക്ഷേപ സംഖ്യ വർദ്ധിക്കുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ നിരക്കിന് ആനുപാതികമായും സംഘം ബോർഡിൽ ഒടുക്കുന്ന തുക വഴിയാണ് പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നത്.

(ഡി) നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന്റെ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് പ്രത്യേക നിയമവ്യവസ്ഥകൾ കേരള സഹകരണ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിക്ഷേപകരുടെ താൽപര്യം സംരക്ഷിക്കുന്നതിനായി സഹകരണ സംഘങ്ങളെ നിക്ഷേപ സുരക്ഷാ ഫണ്ട് ബോർഡിൽ അംഗങ്ങളാക്കുന്ന നടപടി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

(ഇ-ജി) വിവിധ ജില്ലാ സഹകരണ ബാങ്കുകളിൽ ബോർഡിന് സ്ഥിര നിക്ഷേപ ഇനത്തിൽ 56,61,49,032 രൂപയുണ്ട്. ഗ്യാരന്റി ഫണ്ട് ബോർഡിൽ നിന്നും സർക്കാർ സ്ഥാപനങ്ങൾക്ക് വായ്പ നൽകിയിട്ടില്ല. എന്നാൽ വായ്പാ സഹകരണ സംഘമായ കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സംഘത്തിന് 30-8-2014-ലെ ജി.ഒ. (ആർ‌റ്റി.)നമ്പർ 491/14/ സഹ ഉത്തരവ് പ്രകാരം ഒരു പ്രത്യേക കേസായി സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് 6 കോടി രൂപ ഒരു വർഷത്തേക്ക് 10.5 ശതമാനം പലിശ നിരക്കിൽ സംഘത്തിന് നൽകുന്നതിന് നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന് അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly